പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1012 05/03/2018 ൽ മറുപടിയ്ക്ക്

## സ്കൂൾ കലോത്സവങ്ങൾ പ്രശ്നരഹിതമായി നടത്തുവാൻ നടപടി

| ചോദ്യം<br>ശ്രീ. അനിൽ അക്കര | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാന സ്കൂൾ കലോത്സവം പ്രശ്നരഹിതമായി നടത്തുന്നതിന് വിജിലൻസ് കവറേജ് സഹായകമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) സഹായകമായിട്ടുണ്ട്. |
| (ബി) 2017-18-ലെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ബാലാവകാശ കമ്മീഷന്റെ പേരിൽ ലഭിച്ച അപ്പീലുകൾ വ്യാജമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപ്പീലിന്റെ അടിസ്ഥാനത്തിൽ മത്സരിച്ചവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) ബാലാവകാശ കമ്മീഷന്റെ പേരിൽ ലഭിച്ച വ്യാജ അപ്പീലുകൾ കണ്ടെത്തിയതിനെ തുടർന്ന് പോലീസ് ഡിപ്പാർട്ട്മെന്റിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് ക്രൈംബ്രാഞ്ച് കേസന്വേഷണം നടത്തിവരികയാണ്. വ്യാജ അപ്പീലിന്റെ അടിസ്ഥാനത്തിൽ വന്നവരെ മത്സരത്തിൽ പങ്കെടുപ്പിച്ചിട്ടില്ല. |
| (സി) കലോത്സവ വേദിയിലെ വിധി നിർണ്ണയത്തിൽ ഏതെങ്കിലും തരത്തിലുള്ള അനധികൃത ഇടപെടലുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം ഇടപെടലുകൾ കണ്ടെത്തുന്നതിൽ കലോത്സവ മാനുവലിൽ വരുത്തിയ പരിഷ്കാരങ്ങൾ എത്ര മാത്രം സഹായകമായെന്ന് വ്യക്തമാക്കുമോ; | (സി) കലോത്സവ വേദിയിലെ വിധി നിർണ്ണയത്തിൽ ഈ വർഷം ഒരു തരത്തിലുള്ള അനധികൃത ഇടപെടലുകളും നടന്നിട്ടില്ല. മുൻ വർഷങ്ങളിൽ ഇത്തരം അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മാന്വൽ പരിഷ്കരണം നടത്തിയിട്ടുള്ളത്. പുതിയ പരിഷ്കാരം ഏറെ സഹായകമായിട്ടുണ്ട്. |
| (ഡി) കലോത്സവമാനുവലിൽ വീണ്ടും പരിഷ്കാരങ്ങൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ